

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എടിഎസ് ആർ (പി16)2145/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എടിഎസ് ആർ (പി16)2145/2022. തീയ്യതി: 27/03/2023

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-12-2021 മുതൽ 15-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സതീശൻ എൻ.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	15-12-2022	23-12-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-12-2022	23-12-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) മീര ടി., ഓഡിറ്റ് ഓഫീസർ
2) ഷൈനി കൃഷ്ണദാസ് ഇ., അസി.ഓഡിറ്റ് ഓഫീസർ
3) സുനിൽ പി.ബി., അസി.ഓഡിറ്റ് ഓഫീസർ

4) അനീറ്റ ഡൊമിനിക്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
വി.കെ.ഫസലുൽ അലി	പ്രസിഡന്റ്	01-04-2021	31-03-2022
രാമൻകുട്ടി എം.എ.	സെക്രട്ടറി	01-04-2021	22-01-2022
ജുജു ജോർജ്ജ് ഇ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	23-01-2022	02-02-2022
ഷെനി ജോൺ എം.	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-02-2022	06-03-2022
മനോജ് പി.എൻ.	സെക്രട്ടറി	07-03-2022	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷെനി ജോൺ എം.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ഡോ.രാഖി	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2021	31-03-2022
ഡോ.സുഹാന	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2021	31-03-2022
ഡോ. ധന്യ ജോസഫ്	വെറ്ററിനറി സർജ്ജൻ	01-04-2021	10-10-2022
ഡോ.രേഖ ഗോപികൃഷ്ണൻ വി.എസ്.	വെറ്ററിനറി സർജ്ജൻ	11-10-2021	25-10-2021
ഡോ.അഷ്റഫ് അബ്ദുൾ റഹ്മാൻ	വെറ്ററിനറി സർജ്ജൻ	26-10-2021	13-02-2022
ഡോ.ദീപ സി.എൻ.	വെറ്ററിനറി സർജ്ജൻ	14-02-2022	31-03-2022
ബിന്ദു കെ.കെ.	കൃഷി ഓഫീസർ	01-04-2021	02-11-2021
സുമേഷ് എസ്.	കൃഷി ഓഫീസർ	03-11-2021	31-03-2022
അനിത പി.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	31-03-2022
ദീപക് കെ.കെ.	വി.ഇ.ഒ.	01-04-2021	31-03-2022
സുലു കെ.വി.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	30-09-2021
സബിത കെ.കെ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-10-2021	31-03-2022
മണി ടി.	എച്ച്.എം, ജി.എം.എൽ.പി.എസ്.	01-04-2021	03-12-2021
ഒഴിവ്	എച്ച്.എം, ജി.എം.എൽ.പി.എസ്.	04-12-2021	09-12-2021
വാസന്തി ടി.എ.	എച്ച്.എം, ജി.എം.എൽ.പി.എസ്.	10-12-2021	20-01-2022
ജോയ്സി എ.കെ.	എച്ച്.എം, ജി.എം.എൽ.പി.എസ്.	21-01-2022	31-03-2022
ഡോ. നിത ടി.ജി.	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപെൻഷനുകൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	അടിസ്ഥാന അനുപാതങ്ങൾ	1-10-1
11	വസ്തു നികുതി	1-10-2
12	ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല	1-10-3
13	Prior Period Item-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല	1-10-4
14	ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല	1-10-5
15	ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല	1-10-6
16	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-7
17	ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയില്ല	1-10-8
18	ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ -നീക്കിയിരിപ്പുമായി പൊരുത്തപ്പടുത്തി സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-10-9
19	വാർഷിക കണക്ക് പരിശോധന	1-10
20	പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല	1-10-10
21	Capital Contribution" - വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.	1-10-11
22	ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക - പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-10-12
23	Capital Work In Progress എന്ന ശീർഷകത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.	1-10-13
24	KURDFCവായ്പ - വായ്പാ രജിസ്റ്ററിൽ കൃത്യതയില്ല	1-10-14
25	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-10-15
26	തൊഴിലുറപ്പ് പദ്ധതി	1-10-16
27	ബജറ്റ് - അപാകങ്ങൾ	1-11
28	സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകങ്ങൾ	1-12
29	ക്യാഷ് ബുക്കിലെ അപാകതകൾ	1-13

30	കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല	1-14
31	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ	1-15
32	ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല	1-16
33	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല/പുതുക്കിയിട്ടില്ല	1-17
34	പെർമ്മിറ്റ്- അപാകങ്ങൾ	1-18
35	മൊബൈൽ ടവർ- വസ്തു നികുതി ഈടാക്കേണ്ടതാണ്	1-19
36	വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല	1-20
37	സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയിയായിട്ടില്ല	1-21
38	ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ	1-22
39	സഞ്ചയയിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി	1-23
40	ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുിയത്-സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-24
41	ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം - ലക്ഷ്യം കൈവരിയ്ക്കാനായിട്ടില്ല	1-25
42	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ഗുണഭോക്താക്കൾ ഇടയ്ക്കു വെച്ച് ആനുകൂല്യം കൈപ്പറ്റുന്നത് നിർത്തി.	1-26
43	തെരുവു വിളക്കുകളുടെയും,കുടിവെള്ള ടാപ്പുകളുടെയും പരിപാലനം - സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്	1-27
44	വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല	1-28
45	തെരുവു വിളക്ക് വാർഷിക പരിപാലന കരാർ നടപ്പിലാക്കൽ-അപാകതകൾ	1-29
46	പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-30
47	മഴക്കാല പൂർവ്വ ശുചീകരണം മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല	1-31
48	മരുന്നുകൾ ലഭ്യമായിട്ടില്ല.	1-32
49	ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. - തുക തടസ്സപ്പെടുത്തുന്നു	1-33
50	ലൈഫ് മിഷൻ ഭവന പദ്ധതി - പണി പൂർത്തീകരിച്ചിട്ടില്ല.	1-34
51	ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടി പ്രവർത്തിക്കുന്നു	1-35
52	ഡെപ്പോസിറ്റ് പ്രവൃത്തി-ഭൂജല വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്കിൽ അധീകരിച്ച് തുക കൈമാറി	1-36
53	കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം	1-37
54	പഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടാത്ത സ്ക്കൂളിലെ നിർമ്മാണ പ്രവൃത്തി	1-38
55	മെഡിക്കൽ ഓഫീസർ (ഹോമിയോ)നടപ്പാക്കിയ പ്രോജക്റ്റ് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല	1-39
56	സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത്	1-40

ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

പാസ്സാക്കിയ തിയതി	16/02/2021	
കമ്മിറ്റി തീരുമാനം	2(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	26,47,84,232	26,04,93,000
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ്	28/02/2022 4(6)	
കമ്മിറ്റി തീരുമാനം	4(6)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	20,91,88,128	20,07,59,010

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2022	15-07-2022

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,15,89,313
വരവ്	7,74,53,683
ആകെ	9,90,42,996
ചെലവ്	7,51,81,110
നീക്കിയിരിപ്പ്	2,38,61,886

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	14299355	14299355	13195322	1104033
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	3755000	3755000	3755000	0
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	0	0	0	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	8396038	8396038	7406125	989913
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	5592084	5592084	4352520	1239564
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ACR പ്രകാരം)	0	6822665	6822665	4617403	2205262
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ്	0	2848000	2848000	2820446	27554

(ACR പ്രകാരം)					

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
188	126906350	139	49234666	7	42	73.93

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	2598	1298452	1301050	1294365	6685
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	25331514	25331514	25331514	0

തൊഴിലുറപ്പ് കണക്കുകളിലെ അപാകതകൾ സംബന്ധിച്ച് ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ 1-10-16 നമ്പർ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

1-7 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവു തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	2595200	186
വിധവാ പെൻഷൻ	22496600	1450
വാർദ്ധക്യകാല പെൻഷൻ	27944600	1876
വികലാംഗപെൻഷൻ	4798400	317
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1255200	82
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	150000	5

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2022 തീയതിയിൽ 3.15 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10350/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-10-1 അടിസ്ഥാന അനുപാതങ്ങൾ

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

1-10-2 വസ്തു നികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2764327	2731772	44391	497
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	29,31,670 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	28,85,906 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	45,764 (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	0 *0 /105X100)=0

2.1.2നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2561185	2564960	24137	10190
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2548604 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	2514517 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	24,137 (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	9950 10448/105X100

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	271337	2,70,512	2813
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2,81,056 * *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (278575+16534= 295109/105*100)	2,75,581 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	0 ** **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (...../105X100)=.....,

2.2.2നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	190451	1,63,879	26900
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1,91,011 (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(173554+27008= 200562/105*100)	1,63,551 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	26900 ***(28246 /105X100) =26900)=.....,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം	റെസിഡൻഷ്യൽ	140879	14300	155179	138552	13730	152282	2617		27	151	0
	നോൺ-റെസിഡൻഷ്യൽ	128986	9662	138648	129105	8244	137349	1237		510	1346	1844
	ആകെ			293827			289631	3854		1844		
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം		3,05,654			297997				308815	1844		
		25916+279738 (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/Levies.. ലെഡ്ജർ 2021-22)			(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്))				(431910101 -State Govt . Cess/Levies.. ലെഡ്ജർ 2021-22)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

2.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ ക്യത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല (ഉദാ: 2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2022-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	70173	256119

2.6 1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസ്യത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ 183 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 297997 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 289631 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 308815 രൂപയാണ്. (വൗച്ചർ 42100109 തീ. 31.03.22, വൗച്ചർ 42100110 തീ. 31.03.22, വൗച്ചർ 42100116 തീ. 31.03.22 (277259+28293+3263=)) (പട്ടിക 2.3 കാണുക)

1-10-3 ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് **ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ** ഹാജരാക്കിയിട്ടില്ലാത്തതാണ്(2007 ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് &ഐ).

1-10-4 Prior Period Item-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്കുഷീറ്റുകളോ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ)-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18)	31/3/2022ലെ ലെഡ്ജർ ബാക്കി
280100101-Prior Period Income -Property Tax On Residential Buildings	5130
280100104-Prior Period Income-Property Tax On Non Residential Buildings	(-)1407
280800701-Prior Period- Programme Expenses	(-)71,377

1-10-5 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി,

മുൻകൂർ,കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-6 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-10-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22,72,573 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 47,60,216രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-8 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 1000 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1-10-9 ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ -നീക്കിയിരിപ്പുമായി പൊരുത്തപ്പടുത്തി സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പടുത്തി സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്
(ഓഡിറ്റ് എൻകയറി നം.2/16.12.2022).

1-10-10 പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

1-10-11 Capital Contribution" - വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

31/3/2022-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" 86216662 - ആണ്. ആയത് 31/3/2021-ലെ ഇതേ ശീർഷകത്തിലെ തുകയേക്കാൾ 1894914/-(86216662-84321748) രൂപ കൂടുതലാണ്. ടി തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

1-10-12 ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക - പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

ക്ര.നം	ബാങ്ക്	അക്കൗണ്ട് നമ്പർ
1	SBI- E Transaction	37176524781
2	Union Bank- CFC PFMS Fund	038922010000126
3	Corporation Bank -NREGS	52010105609481
4	Treasury Special TSB-Joint Venture	7990114000026

1-10-13 Capital Work In Progress എന്ന ശീർഷകത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 24,26,844 രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a)പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല. പൊരുത്തക്കേടിനുള്ള കാരണം അറിയിക്കേണ്ടതാണ്.

1-10-14 KURDFCവായ്പ - വായ്പാ രജിസ്റ്ററിൽ കൃത്യതയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം KURDFCവായ്പ ഇനത്തിൽ തൻവർഷം 8,65,333രൂപ തിരിച്ചടക്കുകയും 31/3/2022 ൽ 30,72,706 തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിനായി ഹാജരാക്കിയ വായ്പാ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-10-15 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - കണക്കുകൾ പൊരുത്തപ്പെടുന്നില്ല

07.10.2021തിയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ:6591/2021/ധന. പ്രകാരം 2020-21 വർഷത്തെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാത്ത തുകയായിരുന്ന ₹25,50,665/- Tied Fund ഇനത്തിൽ പുനരനുവദിച്ച്കൊണ്ട് ഉത്തരവായിരുന്നതാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ ചെലവുരേഖകൾ പ്രകാരം 2021-22 വർഷത്തിൽ മേൽ അനുവദിച്ച തുകയിൽ നിന്നും ₹17,81,239/ ഇതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ചിട്ടുള്ളത്. (ആയതിന്റെ ഇ-ബിൽ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്). മേൽ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വികസനാവശ്യത്തിനായി അനുവദിച്ചിരുന്ന ₹25,50,665/-യിൽ ₹7,69,426/- ചെലവഴിക്കാതെ നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടായതിന്റെ കാരണം അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ട്രഷറി മുഖേനെ മാറിയ തുക കൂടാതെ ഇ-ഗ്രാമ സ്വരാജ് സൈറ്റിലൂടെ CFC Grant Tied ഇനത്തിൽ ₹42,72,000/-യും , CFC Grant UnTied-Basic Grant ഇനത്തിൽ ₹28,80,658/-യും(₹32,658/-പലിശ ഉൾപ്പെടെ) വരവ് വന്നിട്ടുള്ളതായി

വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.
പരിശോധനയ്ക്ക് ഹാജരാക്കിയ CFC Grant Tied, CFC Grant UnTied-Basic Grant എന്നിവയുടെ സാംഖ്യ ACR പ്രകാരം യഥാക്രമം ₹46,17,403/-യും ₹28,20,446/-യും പ്രോഗ്രസ്സീവ് എക്സ്പെൻഡീച്ചറായി ചേർത്തിട്ടുള്ളതാണ്. ആയതിൽ മേൽ പറഞ്ഞ 2020-21 വർഷത്തെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാത്ത തുകയായി അനുവദിച്ചതിൽ നിന്ന് CFC Grant Tied ൽ നിന്നുള്ള ₹17,81,239/-യും ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ തുകകൾ ഒഴിവാക്കിയാൽ CFC Grant Tied ൽ നിന്നും ₹28,36,164/-യും, CFC Grant UnTied-Basic Grantൽ നിന്നും ₹28,20,446/-യും ഉൾപ്പെടെ ആകെ ₹56,56,610/-യാണ് ACR കണക്ക് പ്രകാരം ഇ-ഗ്രാമ സ്വരാജ് സൈറ്റിലൂടെ അനുവദിച്ച തുകയിൽ നിന്നും ചെലവഴിച്ചിരിക്കേണ്ടത്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഇ ഗ്രാമ സ്വരാജ് സൈറ്റിൽ നിന്നും എടുത്ത ചെലവ് വൗച്ചറുകളുടെ ആകെ തുകയായി ₹75,45,200/-യാണ് കാണിച്ചിരിക്കുന്നത്. ഈ പൊരുത്തക്കേടിനുള്ള കാരണം അറിയിക്കേണ്ടതാണ്.

1-10-16 തൊഴിലുറപ്പ് പദ്ധതി

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ₹26625879 എന്നതാണ്. ആയതിൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 12,15,274 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ ₹12,15,274 കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റില് ₹12,15,274 ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

1-11 ബജറ്റ് - അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ് കോഡ്	ശീർഷകം	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക	വാർഷിക കണക്ക് പ്രകാരമുള്ള തുക
1	2501001	Agricultural And Related Sectors -	1080000	3157572

		Paddy		
2	2501002	Agriculture And Related Sectors – Other Crops	1067453	1941995
3	2501003	Agricultural Development Programs	233265	848265
4	2501006	Agricultural And Related Sectors - Fisheries	Nil	32800
5	2501033	Animal Husbandry -Buffalo	0	435000
6	2501034	Animal Husbandry - Calf	300000	735000
7	2501039	Animal Husbandry -Infrastructure	55000	500000
8	2501049	Fresh Water - Pisciculture	Nil	32500
9	2510115	Literacy Equivalence Examination	0	13930
10	2512002	Public Health Programs	1500000	1765220
11	2512003	Health Related Special Programs	25000	48230
12	2512009	Sanitation	500000	834794
13	2513006	Programs For Physically/ Mentally Challenged	1750000	1960100
14	2513010	Special Programs For Scheduled Castes	700000	1139569
15	2513014	Housing And House Electrification – Construction/ Purchase By Local Government	Nil	1000000
16	2516002	General Economic Services – Public Distribution System	Nil	2280
17	2516003	General	Nil	17500

		Economic Services – Public Crematoriums And Burial Grounds		
18	2522001	Roads	1500000	3485248
19	2522004	Culverts And Causeways	Nil	625282
20	2531004	Supplementary Nutritional Programs Through Anganwadis	1100000	1911868
21	2531014	Payments To Drinking Water	Nil	2580
22	2552011	Maintenance Projects - Non Road Assets-Transferred Institutions – General Education	Nil	122206

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നം.23/20.12.2022) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും കൂടുതൽ യാഥാർഥ്യബോധത്തോടെ ബജറ്റ് തയാറാക്കുവാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-12 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകങ്ങൾ

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

നം	പേര്	മരണപ്പെട്ട തീയതി	പെൻഷൻ ഐ ഡി	നിലവിലെ സ്റ്റാറ്റസ്
1	കാർത്തു	01.12.2021	107180600392	ആക്ടീവ്
2	എൽസി എം.കെ.	29.11.2021	107180601075	ആക്ടീവ്
3	അമ്മു	03.12.2021	107180200063	ആക്ടീവ്

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ക്രമ നം	പേര്	പെൻഷണർ ഐ ഡി	പെൻഷൻ തരം	മരണപ്പെട്ട തീയതി	മരണ രജിസ്ട്രേഷൻ നമ്പർ / തീയതി	നിലവിലെ സ്റ്റാറ്റസ്	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ	അധികം നൽകിയ തുക

							വിവരം			
							കാലയളവ്	തുക	ആകെ	
1	വിജയൻ	107180200836	വാർദ്ധക്യകാല പെൻഷൻ	13.04.2021	46/2021 21.04.2021	സസ്പെൻഡ്	05/21	1600	1600	1600
2	ഇബ്രാഹിം	107180200894	വാർദ്ധക്യകാല പെൻഷൻ	15.04.2021	57/2021 14.05.2021	സസ്പെൻഡ്	05/21 – 08/21	1600	6400	6400
3	പാത്തുമ്മു	107180201515	വാർദ്ധക്യകാല പെൻഷൻ	27.04.2021	53/2021 14.05.2021	സസ്പെൻഡ്	05/21 – 01/22	1600	14400	14400
4	കൃഷ്ണൻകുട്ടി	107180100431	കർഷകതൊഴിലാളി പെൻഷൻ	27.08.2020	51/2021 04.05.2021	സസ്പെൻഡ്	06/21 – 01/22	1600	12800	12800
5	പ്രഭാകരൻ ഇ.കെ.	107180201156	വാർദ്ധക്യകാല പെൻഷൻ	22.07.2020	52/2021 04.05.2021	സസ്പെൻഡ്	06/21	1600	1600	1600
6	ആച്ചുമോൾ	107180601296	വിധവ പെൻഷൻ	17.05.2021	72/2021 04.06.2021	സസ്പെൻഡ്	07/21 – 01/22	1600	11200	11200
7	തങ്ക	107180200529	വാർദ്ധക്യകാല പെൻഷൻ	28.05.2021	75/2021 21.06.2021	സസ്പെൻഡ്	07/21 -10/21	1600	6400	6400
8	കൗസല്യ	107180600359	വിധവ പെൻഷൻ	14.05.2021	87/2021 28.06.2021	സസ്പെൻഡ്	07/21 – 12/21	1600	8000	8000
9	ജോസ്	107180200144	വാർദ്ധക്യകാല പെൻഷൻ	14.05.2021	86/2021 28.06.2021	സസ്പെൻഡ്	07/21 -01/22	1600	11200	11200
10	കെ.വി.ആന്റണി	107180201988	വാർദ്ധക്യകാല പെൻഷൻ	05.05.2021	84/2021 24.06.2021	സസ്പെൻഡ്	07/21 -01/22	1600	11200	11200
11	അന്നമ്മ	107180200613	വാർദ്ധക്യകാല പെൻഷൻ	02.06.2021	83/2021 24.06.2021	സസ്പെൻഡ്	07/21 – 08/21	1600	3200	3200
12	ഹസീന	107180601368	വിധവ പെൻഷൻ	14.05.2021	82/2021 24.06.2021	സസ്പെൻഡ്	07/21 -01/22	1600	11200	11200
13	കാർത്തു	107180600392	വിധവ പെൻഷൻ	01.12.2021	02/2022 07.01.2022	ആക്ടീവ്	02/22 -09/22	1600	12800	12800
14	എൽസി എം.കെ.	107180601075	വിധവ പെൻഷൻ	29.11.2021	03/2022 07.01.2022	ആക്ടീവ്	02/22 – 09/22	1600	12800	12800
15	അമ്മു	107180200063	വാർദ്ധക്യകാല പെൻഷൻ	03.12.2021	04/2022 07.01.2022	ആക്ടീവ്	02/22 – 09/22	1600	12800	12800
16	കൃഷ്ണൻ എം.എ.	107180200453	വാർദ്ധക്യകാല പെൻഷൻ	09.11.2021	05/2022 07.01.2022	ആക്ടീവ്	02/22 - 09/22	1600	12800	12800
17	കണ്ടു	107180200220	വാർദ്ധക്യകാല പെൻഷൻ	12.12.2021	06/2022 07.01.2022	ആക്ടീവ്	02/22-09/22	1600	12800	12800
18	ഉണ്ണിമായ	107520100734	കർഷകതൊഴിലാളി പെൻഷൻ	19.08.2021	08/2022 12.01.2022	ആക്ടീവ്	02/22-09/22	1600	12800	12800
19	വാസു	107180200653	വാർദ്ധക്യകാല പെൻഷൻ	19.03.2021	09/2022 12.01.2022	ആക്ടീവ്	02/22-09/22	1600	12800	12800
20	അബൂബക്കർ കെ.കെ.	107180200620	വാർദ്ധക്യകാല പെൻഷൻ	05.04.2021	10/2022 13.01.2022	ആക്ടീവ്	02/22 -05/22	1600	4800	4800
21	തങ്ക	107180600760	വിധവ പെൻഷൻ	17.05.2021	11/2022 13.01.2022	ആക്ടീവ്	02/22 – 09/22	1600	12800	12800
22	കദീജ	107180601207	വിധവ പെൻഷൻ	23.07.2021	13/2022 13.01.2022	ആക്ടീവ്	02/22 – 09/22	1600	12800	12800
23	സൈനബ	107180601268	വിധവ പെൻഷൻ	24.01.2022	26/2022 ഫെബ്രു2022	ആക്ടീവ്	02/22 – 09/22	1600	12800	12800
24	ശ്രീധരൻ വി.കെ.	107180201072	വാർദ്ധക്യകാല പെൻഷൻ	22.03.2022	56/2022 22.03.2022	ആക്ടീവ്	04/22 – 05/22	1600	3200	3200
ആകെ അധികം നൽകിയ തുക										2,35,200

3. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ താഴെ ക്കൊടുത്തിരിക്കുന്ന 3 പേർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

	Pensioner ID	Aadhar No.	Pensioner Name	Distribution Start Date
1	107180500067	951009071899	Baby	01.04.2015

2	107180601375	514077032234	Annie P.C.	01.06.2016
3	107180601471	829077922849	Santha	03.08.2018

മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും എത്ര തുകയാണ് ഓരോരുത്തരും അനർഹമായി കൈപ്പറ്റിയിട്ടുള്ളതെന്നും പ്രസ്തുത തുക തിരികെ അടവാക്കിയിട്ടുണ്ടെകിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു ഓഡിറ്റ് എൻകൗയറി(നം.22/ 20.12.2022) നല്കിയിരുന്നു.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്കു (നമ്പർ 22/20.12.22) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളെ നീക്കം ചെയ്തു ഡാറ്റബേസ് കാലികമാക്കുന്നതാണെന്നും ക്രമ നമ്പർ 2,3 എന്നിവയിൽ പരാമർശിച്ചിട്ടുള്ള അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ചു അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 കൃാഷ് ബുക്കിലെ അപാകതകൾ

ബാങ്കിൽനിന്നോ ട്രഷറിയിൽനിന്നോ ഉള്ള പിൻവലിക്കലുകൾ ഉൾപ്പെടെ കാഷ് രൂപത്തിലുള്ള എല്ലാ പണം വാങ്ങലുകളും കാഷ്ബുക്കിന്റെ ഡെബിറ്റ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബാങ്കിലോ ട്രഷറിയിലോ ഒടുക്കുന്നത് ഉൾപ്പെടെ കാഷ് രൂപത്തിലുള്ള എല്ലാ പണം കൊടുക്കലുകളും കാഷ്ബുക്കിന്റെ ക്രെഡിറ്റ് ഭാഗത്തും രേഖപ്പെടുത്തേണ്ടതാണ്. ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലും നീക്കിയിരിപ്പും പരിഗണിക്കേണ്ടതും കാഷ്ബുക്കിൽ ഒപ്പ് വെക്കേണ്ടതുമാണ്. കാഷ്യറുടെ കൈവശമുള്ള കാഷ്ബാലൻസും കാഷ്ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ കളക്ഷൻ തുകകൾ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, വടക്കേക്കാട് ശാഖയിലെ തനത് ഫണ്ട് അക്കൗണ്ടിൽ പിറ്റേ ദിവസം തന്നെ അടവാക്കിയതായി കാണുന്നുണ്ടെകിലും അതേ ദിവസങ്ങളിലെ കാഷ്ബുക്ക് പരിശോധിച്ചതിൽ തുക ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ബാങ്കിൽ അടവാക്കിയ തുകയും കാഷ്ബുക്കിന്റെ ദിനാന്ത്യ നീക്കിയിരിപ്പിൽ ഉൾപ്പെടുവാനിടയായിട്ടുണ്ട്.

തീയതി	കളക്ഷൻ	കാഷ്ബുക്കിലെ	ബാങ്കിൽ പണം

	തുക	ക്ലോസിംഗ് ബാലൻസ് തുക	അടവാക്കിയതിന്റെ കോൺട്രാ എൻട്രി വരുത്തിയത്
1.12.2021	10815	10815	-
2.12.2021	74191	85006	-
3.12.2021	28320	113326	-
4.12.2021	15316	7770	120872
6.12.2021	18944	26714	-
7.12.2021	20824	47538	-
8.12.2021	36651	84189	-
9.12.2021	38392	122581	-
10.12.2021	9825	48217	84189
13.12.2021	7956	56173	-
15.12.2021	21755	77928	-
16.12.2021	20503	98431	-
17.12.2021	13984	112415	-
18.12.2021	8460	22444	98431
20.12.2021	9906	32350	-
21.12.2021	11884	44234	-
22.12.2021	9790	54024	-
23.12.2021	18080	72204	-
24.12.2021	7405	79609	-
27.12.2021	20744	100353	-
28.12.2021	35996	35996	100353
29.12.2021	72279	108275	-
30.12.2021	29021	137296	137296
	541141		541141

കളക്ഷൻ തുക പിറ്റേ ദിവസം തന്നെ ബാങ്കിൽ അടവാക്കിയിരുന്നെങ്കിലും സാംഖ്യ സോഫ്റ്റ് വെയറിൽ കോൺട്രാ എൻട്രി ചെയ്യാതിരുന്നതു മൂലമാണ് ഇപ്രകാരം സംഭവിച്ചത്. കാഷ്ബുക്കിൽ ഇതുപോലെ പലപ്പോഴും ആവർത്തിച്ചിട്ടുണ്ട്. തുക ബാങ്കിൽ അടവാക്കുന്ന ദിവസം തന്നെ കോൺട്രാ എൻട്രി വരുത്തേണ്ടതാണ്.

1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല

2021-22 വർഷത്തിൽ മരാമത്തുപണികളുടെ കോൺട്രാക്ടർമാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല(ഓഡിറ്റ് എൻകവയറി നം. 39/23.12.2022).
1. ബി2എസ് ഡെവലപ്പേഴ്സ്
2. കെ. എ.വിജയൻ
3. എം.എം.സുനിൽകുമാർ
4. കെ.എ. ഗോപിനാഥൻ
5.കെ.എസ്. സുരേഷ്
6. കെ.എ. ഡാനിഷ്
7.ജിജു ടി. തോമസ്
തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

I) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 5 പ്രകാരം

ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 ൽ 468 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട് . ഗ്രാമ പഞ്ചായത്തിലെ കെട്ടിടവിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2215 കെട്ടിടങ്ങൾക്ക് ഗാർഹികേതര ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണവും, മേൽ പറഞ്ഞപ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെയുള്ള ഉപയോഗക്രമമുള്ള കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ അന്തരമുള്ളതാണ്. ഈ സാഹചര്യത്തിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾക്ക് മറുപടി അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൗയറി (നം. 13/19.12.2022) നല്കിയിരുന്നു.

1. ഭരണ സമിതിയുടെ14.06.21 ലെ 14(6) തീരുമാന പ്രകാരം വടക്കേക്കാട് പഞ്ചായത്തിലെ അപര്യാപ്തത പരിഹരിക്കുന്നതിന്, ഗ്രാമപഞ്ചായത്തിൽ നികുതിയും, നികുതിയേതരവുമായ മുഴുവൻ തുകയും പിരിച്ചെടുക്കുന്നത് ഉറപ്പുവരുത്താൻ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് എല്ലാ ക്ലാർക്കുമാരെയും ചുമതലപ്പെടുത്തകയും, ആയതിന്റെ മേൽനോട്ടം വാർഡ് മെമ്പർമാര ഏൽപ്പിക്കുന്നതായും തീരുമാനിച്ചിരുന്നതാണ്. ആയതിന്മേലുള്ള തുടർനടപടി വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

2. മേൽ ഖണ്ഡികയിൽ വിവരിച്ച പ്രകാരം ഗാർഹികേതര ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും, ആകെ അനുവദിച്ച ലൈസൻസുകളുടെ എണ്ണവും തമ്മിൽ 1747 എണ്ണത്തിന്റെ വ്യത്യാസം ഉള്ളതാണ്. ഈ വിടവ് സംബന്ധിച്ച് ഏതെങ്കിലും അവസരത്തിൽ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ? ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുകയും, ആയതിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം മുഴുവൻ ലഭ്യമായിട്ടുണ്ടോ എന്നും, നിയമനുസൃതമായ എല്ലാ നിബന്ധനകളും പാലിച്ചാണോ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിലനില്ക്കുന്നതെന്നും പരിശോധിച്ചിട്ടുണ്ടോ?

എന്നാൽ മേൽ ഓഡിറ്റ് എൻകൗയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

II) താഴെക്കൊടുത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ വ്യാപാര ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നം.	സ്ഥാപനം – ഉടമ
1	ഏഷ്യൻ കിഡ്സ് ക്ലിനിക് – മുഹമ്മദ് അബ്ദുൾ റഹിമാൻ
2	ഫോർമെൻ ലബോറട്ടറി – ഷാബു എ.എം.
3	പ്രിസൈസ് ക്ലിനിക്കൽ ലബോറട്ടറി – ലീന എം.
4	ക്ലിനിക് – ഷൈലജ പോലിയത്ത്

ലൈസൻസ് തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III) താഴെക്കൊടുത്തിരിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൗയറി (നം.15/20.12.22) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. അക്കൗണ്ടന്റ്സ് അക്കാഡമി – റുബീന ഹാരിസ് (I/ 195,196)

2. അക്ഷര ഗ്രൂപ്പ് ഓഫ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് – രാജൻ (Ii/335 A&B)

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് തുക ഈടാക്കേണ്ടതാണ്.

IV) 02.06.2021 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 8/1 പ്രകാരം ടി.വി.എം. ട്രേഡേഴ്സ് എന്ന സ്ഥാപനം സംബന്ധിച്ച ഒരു പരാതി ചർച്ച ചെയ്തിട്ടുണ്ട്. കാറി മെറ്റീരിയൽസ് ഇറക്കുമതിയും കയറ്റുമതിയും ചെയ്യുന്ന സ്ഥാപനമാണിത്. മേൽ സ്ഥാപനത്തിന് പഞ്ചായത്ത് വ്യാപാരലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻകയറി (നം.15/20.12.22) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടതാണോ എന്ന് പരിശോധിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-16 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ /ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2021-22 വർഷത്തിൽ ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് 488 സ്ഥാപനങ്ങളാണ്.

സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.
ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.

1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല/പുതുക്കിയിട്ടില്ല

